# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.148 | | | 12.07.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| മാലിന്യസംസ്കരണം | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ.എം.സ്വരാജ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.എ.എൻ.ഷംസീർ | | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് മാലിന്യസംസ്ക്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വികേന്ദ്രീകൃത ഉറവിടമാലിന്യ സംസ്ക്കരണം ജനകീയ പ്രസ്ഥാനമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. 1994-ാം മാണ്ടിലെ കേരള പഞ്ചായത്ത് രാജ് / നഗരപാലിക ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം എന്നിവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയാണ്. മാലിന്യ സംസ്ക്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിനായി ശുചിത്വ മിഷൻ മുഖേന സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് ശുചിത്വ കേരളം പദ്ധതിയും, സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ഈ പദ്ധതികളുടെ ഭാഗമായി വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിനാണ് ഇപ്പോൾ ഊന്നൽ നൽകിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 10% തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തണമെന്ന് 30.062016 ലെ സഉ(സാധാ) നം2037/2016/ തസ്വഭവ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | ശാസ്ത്രീയ മാലിന്യ സംസ്ക്കരണം ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നതിന് മുൻകൈയെടുക്കുമോ; | (ബി) & (സി) | നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാർ വകുപ്പ് / ഏജൻസികളുടെയും നേരിട്ടുള്ള പ്രവർത്തനങ്ങളായാണ് ഇവ നടപ്പിലാക്കി വരുന്നത്. അതേസമയം ഈ പ്രവർത്തനങ്ങൾ ജനങ്ങളാകെ ഏറ്റെടുക്കുകയും ശാസ്ത്രീയ മാലിന്യ പരിപാലന രീതികൾക്ക് |
| (സി) | ജനകീയാസൂത്രണവും സാക്ഷരതായജ്ഞവും പോലെ മാലിന്യ സംസ്ക്കരണം ഒരു ജനകീയ | | |

| | | | |
|---|---|---|---|
| | സംരംഭമാക്കി തീർക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ? | | അനുരോധമായിട്ടുള്ള മനോഭാവവും ശീലങ്ങളും രൂപപ്പെടുത്തി പുതിയ ഒരു പൗരസംസ്കാരമായി വളർത്തിയെടുത്താൽ മാത്രമേ കേരളം നേരിടുന്ന മാലിന്യ പ്രശ്നത്തിന് സ്ഥായിയായ പരിഹാരം കാണുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ഇക്കാര്യത്തിലേക്കുള്ള ചിന്തയും ചർച്ചയും ആരംഭിച്ചിട്ടുണ്ട്. ജനകീയാസൂത്രണം, സാക്ഷരതായജ്ഞം മാതൃകയിൽ വൻ ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാക്കി ഇത് മാറ്റുന്നകാര്യം ഗൗരവമായി ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ